# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5273
## 02.07.2013-ലെ മറുപടിക്ക്

## ജീവനക്കാർക്ക് എൽ.ടി.സി.

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ. മുരളീധരൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വർക്കല കഹാർ | ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ.കെ. എം. മാണി |
| (എ) | സംസ്ഥാന ജീവനക്കാർക്ക് എൽ.ടി.സി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സംസ്ഥാന ജീവനക്കാർക്ക് എൽ.ടി.സി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 26.12.2012 ലെ മന്ത്രിസഭായോഗത്തിലാണ് (ഇനം നം. 2843) തത്വത്തിൽ അംഗീകാരം നൽകിയത്. 02.01.2013 ലെ GO(P)No.5/13/Fin. നം ഉത്തരവ് പ്രകാരമാണ് എൽ.ടി.സി സംബന്ധിച്ചുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിലവിൽ വന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ഒമ്പതാം ശമ്പള കമ്മീഷന്റെ ശുപാർശ പ്രകാരമാണ് എൽ.ടി.സി അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. സർക്കാർ ഉദ്യോഗസ്ഥർക്ക് ഇൻഡ്യയിലെ ചരിത്രപരമായ പ്രാധാന്യമുള്ള സ്ഥലങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കുന്നതിനും |

| | | |
|---|---|---|
| | | അതിലൂടെ നമ്മുടെ രാജ്യത്തിന്റെ വിവിധ സംസ്കാരങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതിലൂടെ സർക്കാർ ജീവനക്കാരുടെ വീക്ഷണഗതി, അഭിരുചി, കാഴ്ചപ്പാട് എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് എൽ.ടി.സി യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 15 വർഷം പൂർത്തിയാക്കി കഴിഞ്ഞ സർക്കാർ ഉദ്യോഗസ്ഥന് തന്റെ സർവ്വീസിൽ ഒരിക്കൽ ആണ് എൽ.ടി.സി അനുവദിച്ചിരിക്കുന്നത്. |
| (സി) | ഏതെല്ലാം തരം ജീവനക്കാർക്കാണ് ഇതിന്റെ സൗകര്യം ലഭ്യമാക്കുന്നത്; വിശദമാക്കുമോ; | താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർക്കാണ് എൽ.ടി.സി യുടെ ആനുകൂല്യം ലഭിക്കുന്നത്.<br>1) സ്റ്റേറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഉദ്യോഗസ്ഥർ.<br>2) എയ്ഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും ജീവനക്കാർ.<br>3) കണ്ടിജന്റും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ളിഷ്മെന്റുകളുമുള്ള ഫുൾടൈം ജീവനക്കാർ, ലോക്കൽ ബോഡികളിലെ ജീവനക്കാർ. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; | 31.12.2012 ലെ GO(P)No. 713/12/Fin. നം ഉത്തരവ് പ്രകാരമാണ് എൽ.ടി.സി തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവായത്. 02.01.2013 ലെ GO(P)No.5/13/Fin. നം ഉത്തരവ് പ്രകാരമാണ് എൽ.ടി.സി |

| | | |
|---|---|---|
| | | സംബന്ധിച്ചുള്ള ചട്ടങ്ങളും / നിബന്ധനകളും നിലവിൽ വന്നത്. ടി ഉത്തരവിൽ എൽ.ടി.സി ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കേണ്ട ഫോമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**